**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2006** **02-02-2024 - ൽ മറുപടിയ്ക്ക്**

**പുതിയ കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കായിക നയം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് കായികനയം രൂപപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിൻറെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു. |
| (ബി) | സമഗ്രമായ കായിക നയം മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് കായികനയം രൂപപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം |

| | | | |
|---|---|---|---|
| | | | രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിൻറെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ട് വയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റു മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവ ശേഷിയുടെ പങ്കുവെയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു. |
| (സി) | കായിക വകുപ്പ് നടത്തുന്ന കായിക ഉച്ചകോടിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കായിക നയത്തിലെ സുപ്രധാന കാഴ്ചപ്പാടായ കായിക സമ്പത്ത് വ്യവസ്ഥ വളർത്തുന്നതിൽ ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള-2024 ഒരു വലിയ ചുവടുവെപ്പാണ്. ഇന്ത്യയിൽ തന്നെ ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി കേരളത്തിന്റെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകി. കായിക രംഗത്തേക്കുള്ള നിക്ഷേപങ്ങളുടെ കാര്യത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കമിടുന്നതിനും വലിയ ചലനം ഉണ്ടാക്കാൻ കഴിഞ്ഞു. കായിക മേഖലയിൽ നിന്നും സംസ്ഥാനത്തിന്റെ ജി. ഡി. പി. യിലേയ്ക്കുള്ള വിഹിതം വലിയ തോതിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ഏകദേശം 50 ബില്യൺ രൂപയുടെ നിക്ഷേപ വാഗ്ദാനം ഉണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപങ്ങൾക്ക് ധാരണയുണ്ട്. അതിവേഗം വളരുന്ന ഇസ്പോർട്സ് രംഗത്തും മികച്ച നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. അയ്യായിരം കോടിയിലധികം രൂപയുടെ നിക്ഷേപം കായിക മേഖലയിൽ വരുന്നതോടെ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഒരു വർഷം കൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| | | | കേരളത്തിൽ നിലനിൽക്കുന്ന കായിക സാധ്യതകൾ ലോകത്തിനു മുന്നിൽ തുറന്നുകാണിക്കാനും വിദേശരാജ്യങ്ങളിൽ വിജയകരമായ പല മാതൃകകളും കായിക മേഖലയിലെ നവീന, ശാസ്ത്ര, സാങ്കേതിക രീതികളും പരിചയപ്പെടാനും ഉച്ചകോടി സഹായിച്ചു.<br><br>വിവിധ തദ്ദേശ സ്ഥാപനങ്ങൾ, കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ തുടങ്ങിയവർ സമ്മിറ്റിൽ അവതരിപ്പിച്ച കായിക പദ്ധതികൾ എല്ലാവർക്കും സ്പോർട്സ് എന്ന കായിക നയത്തിന്റെ അടിസ്ഥാന ആശയം നടപ്പാകാനും കമ്മ്യൂണിറ്റി സ്പോർട്സ് രൂപപ്പെടാനും സഹായമാകും. |

സെക്ഷൻ ഓഫീസർ